# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1056 05.03.2018 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാലയിലെ പരീക്ഷ ഫലപ്രഖ്യാപനം**

*ചോദ്യം*

ശ്രീ.കെ.എൻ.എ ഖാദർ :

*ഉത്തരം*

**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സർവ്വകലാശാല നടത്തുന്ന ബിരുദ/ ബിരുദാനന്തര പരീക്ഷകളുടെ ഫലം അനന്തമായി വൈകുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മറ്റു സർവ്വകലാശാലകളെ അപേക്ഷിച്ച് കേരള സർവ്വകലാശാലയിൽ മാത്രം ഈ അവസ്ഥ ഉണ്ടാകുന്നതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഒന്നാം സെമസ്റ്റർ യു.ജി. പരീക്ഷയുടേയും മൂന്ന്, നാല് സെമസ്റ്റർ പി.ജി. പരീക്ഷകളുടേയും മൂല്യനിർണ്ണയത്തിനായി സിൻഡിക്കേറ്റ് തീരുമാനപ്രകാരം റെഗുലർ വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി വിഷയാടിസ്ഥാനത്തിൽ തരംതിരിച്ച് കോളേജുകൾ മൂല്യനിർണ്ണയ കേന്ദ്രങ്ങളാക്കി ഉത്തരക്കടലാസുകൾ സർവകലാശാല നിയമിച്ച നോഡൽ ഓഫീസർ മുഖാന്തിരം അധ്യാപകർക്ക് എത്തിച്ചു നൽകിയെങ്കിലും മതിയായ അധ്യാപകരുടെ അഭാവവും (ചീഫ്/ അഡീഷണൽ) സ്വാശ്രയ അധ്യാപകർ/ ഗസ്റ്റ്/ കോൺട്രാക്ട് അധ്യാപകരുടെ മൂല്യനിർണ്ണയ പ്രതിഫലത്തുകയെക്കുറിച്ചുള്ള അവ്യക്തതയും പഴയ വ്യവസ്ഥയിൽ നിന്നും പുതിയ രീതിയിലേക്ക് മാറിയപ്പോഴുണ്ടായ പ്രായോഗിക ബുദ്ധിമുട്ടും പരീക്ഷാഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കുന്നതിൽ തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. |

.....2

| | | | |
|---|---|---|---|
| (സി) | വിവിധ കോഴ്സുകളുടെ പരീക്ഷാ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും സമയബന്ധിതമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | പരീക്ഷാ ഫലപ്രഖ്യാപനം സമയബന്ധിതമായി നടത്തുന്നതിന്റെ ഭാഗമായി രണ്ട്, നാല്, അഞ്ച് എന്നീ സെമസ്റ്ററുകളുടെ (സി ബി സി എസ്സ് 2017) പരീക്ഷാ മൂല്യനിർണ്ണയം, കോളേജുകളിലെ റഗുലർ ക്ലാസ്സുകൾ റദ്ദു ചെയ്തു കൊണ്ട് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ